(ഇ) ഇല്ല.

(എഫ്) ജില്ലാ മെഡിക്കൽ ഓഫീസർ, കാസർഗോഡ് നടത്തിയ എൻഡോസൾഫാൻ ദുരിത ബാധിതരുടെ സർവ്വെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. †

എൻഡോസൾഫാൻ ദുരിതബാധിതരുടെ കണക്ക്

2 (574) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ കീടനാശിനി തളിച്ച പ്രദേശങ്ങളിൽ ദുരിതബാധിതരെ കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) സർവ്വേ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) എത്രപേർ ദുരിതബാധിതരാണെന്ന കണക്ക് ലഭ്യമാണോ ;

(ഡി) ദുരിതബാധിതരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിൽ നടത്തിയ സർവ്വേയിൽ 2836 പേരെ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 2010 നവംബറിൽ ഇടുക്കി, വയനാട്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ എൻഡോസൾഫാൻ ഉപയോഗിപ്പെടുന്നതായി ആരോപിക്കപ്പെട്ട പ്രദേശങ്ങളിൽ ആരോഗ്യവകുപ്പ് ഫീൽഡ് വിഭാഗം ജീവനക്കാരും ആശാ വോളണ്ടിയർമാരുംവഴി പ്രാദേശിക സർവ്വെ നടത്തിയിരുന്നു. ഈ സർവ്വേയിൽ ഇടുക്കിയിൽ 5 പേരും വയനാട്ടിൽ 931 പേരും കോഴിക്കോട് 3 പേരും പാലക്കാട് 46 പേരും ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരായി കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ വിദഗ്ദ്ധ പരിശോധനകൾവഴി മാത്രമേ എൻഡോസൾഫാനുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നമാണോയെന്ന് പറയാൻ കഴിയുകയുള്ളൂ.

(ഡി) കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എൻഡോസൾഫാൻ ദുരിതബാധിത പരിഹാര സെല്ലിലേക്ക് 2006-ൽ 50 ലക്ഷം രൂപ അനുവദിച്ചു. വിവിധ വർഷങ്ങളായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ പുനരധിവാസ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് പ്രൈമറി ഹെൽത്ത് സെന്ററിൽന്റേയും

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽന്റേയും രോഗികൾക്ക് തുടർ ചികിത്സ നൽകി വരുന്നു. വൈകല്യം സംഭവിച്ച ദുരിതബാധിതർക്ക് സാമൂഹ്യക്ഷേമ വകുപ്പ് വഴി പെൻഷനായി 400 രൂപയും നൽകിവരുന്നു. ഇതുകൂടാതെ ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോ സൾഫാൻമൂലം ഗുരുതരമായതും ദീർഘകാലചികിത്സ ആവശ്യമുള്ളതും തൊഴിലെടുക്കാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ, ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1700 രൂപയും വികലാംഗപെൻഷൻ ലഭിക്കാത്തവർക്ക് 2000 രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് 1000 രൂപവീതവും പ്രതിമാസം ധനസഹായം നൽകുന്നതിന് 6-12-2010-ന് ഉത്തരവായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 9-4-2010-ൽ എൻഡോസൾഫാൻ ദുരന്തനിവാരണത്തിനായി അനുവദിച്ച 1.25 കോടി രൂപയിൽനിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. താലോലം പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധ ആശുപത്രികളിലൂടെ ഒരു രോഗിക്ക് 50,000 രൂപ വരെ ചികിത്സയ്ക്കായി നൽകുന്നുണ്ട്. വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള ന്യൂറോളജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 22 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും 1411 രോഗികൾക്ക് ചികിത്സ നൽകുകയും ചെയ്തു. പി.എച്ച്.സി. സി.എച്ച്.സി., ജനറൽ ഹോസ്പിറ്റൽ കാസർഗോഡ്, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ കാഞ്ഞങ്ങാട് എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. കാസർഗോഡ് ജില്ലാ ആശുപത്രിയുടെ നവീകരണം പൂർത്തിയായി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ നിർമ്മാണവും വിതരണവും നിയന്ത്രിക്കുന്നതിന് നടപടി

3 (575) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മനുഷ്യന്റെ ആരോഗ്യത്തിനും അവയവങ്ങൾക്കും ഹാനീകരമായ വസ്തുക്കൾ ഉണ്ടാക്കുന്നതും വില്പന നടത്തുന്നതും നിയന്ത്രിക്കാനും നിരോധിക്കാനും സർക്കാരിന് അധികാരം നൽകുന്ന നിയമങ്ങൾ നിലവിലുണ്ടോ ;

എങ്കിൽ അവയുടെ പ്രസക്തഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly